പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2105 — 01/02/2018-ൽ മറുപടിക്ക്

## ജീറിയാട്രിക് കെയർ ഫോർ സീനിയർ സിറ്റിസൺ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി.ഇ.എസ്.ബിജിമോൾ** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| എ) | കുടുംബശ്രീ മിഷൻ ആരംഭിക്കുന്ന ജീറിയാട്രിക് കെയർ ഫോർ സീനിയർ സിറ്റിസൺ പദ്ധതിയുടെ ഭാഗമായ വയോജന പരിപാലന പദ്ധതിയിലേയ്ക്ക് നിയമനം നടത്തുമ്പോൾ നേഴ്സിംഗ് ഉദ്യോഗാർത്ഥികൾക്ക് പ്രഥമ പരിഗണന നൽകുവാൻ നടപടി സ്വീകരിക്കുമോ; | എ) | കുടുംബശ്രീ അംഗത്വമുള്ള നേഴ്സിംഗ് ഉദ്യോഗാർത്ഥികൾക്ക് പ്രഥമ പരിഗണന നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| ബി) | പ്രസ്തുത പദ്ധതി നടത്തിപ്പിന് നിയോഗിക്കുന്നത് വേണ്ടത്ര യോഗ്യതയും പരിചയവുമുള്ളവരെയാണ് എന്ന് ഉറപ്പുവരുത്താൻ എന്തൊക്കെ മാർഗ്ഗനിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ? | ബി) | സി.ഡി.എസ് ലെവൽ പ്രചരണത്തിലൂടെ ലഭിക്കുന്ന യോഗ്യതാ മാനദണ്ഡങ്ങൾ അനുസരിക്കുന്ന അപേക്ഷകൾ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം ജില്ലാ മിഷനിലൂടെ സംസ്ഥാന മിഷന് ലഭിക്കുകയും, സംസ്ഥാന മിഷൻ പരിശീലന കേന്ദ്രത്തിന് കൈമാറുകയും ചെയ്യുന്നു. പരിശീലന കേന്ദ്രം ടെലിഫോണിക്ക് ഇന്റർവ്യൂവിലൂടെ ഉദ്യോഗാർത്ഥികളുടെ സ്ക്രീനിംഗ് നടത്തി, പരിശീലനത്തിനുള്ളവരുടെ ചുരുക്കപ്പട്ടിക തയ്യാറാക്കുന്നു. തുടർന്ന് ശേഷി വികസന പരിശീലനത്തിലൂടെ മികച്ച സേവനദാതാക്കളായി വാർത്തെടുക്കുകയും ചെയ്യുന്നു. ഇവരുടെ അടിസ്ഥാന യോഗ്യത എസ്.എസ്.എൽ.സി (നേഴ്സിംഗ് അനുബന്ധ വിദ്യാഭ്യാസം അഭിലഷണീയം / ഇത്തരം പ്രവർത്തന മേഖലയിലെ പ്രവർത്തന പരിചയം. ഇംഗ്ലീഷ്, മലയാളം വായിക്കാനും എഴുതാനും അറിഞ്ഞിരിക്കണം. |

സെക്ഷൻ ഓഫീസർ